**PL/08/2016**

പ്രിയ സഹോദരൻമാരേ,

ക്രിസ്തുമതത്തിലേയ്ക്ക് ആദ്യം കടന്നുവന്നവർ യഹൂദരായിരുന്നു. വി.പത്രോസിന്റെയും പൗലോസിന്റെയും ബാർണബാസിന്റെയും സുവിശേഷപ്രഘോഷണം വഴി വിജാതീയരും വിശ്വാസികളായി. ഫരിസേയരുടെ കൂട്ടത്തിൽനിന്ന് വിശ്വാസം സ്വീകരിച്ച ചിലർ യഹൂദരെപ്പോലെ വിജാതീയരും പരിച്ഛേദനം സ്വീകരിക്കണമെന്നും മോശയുടെ നിയമം പാലിക്കണമെന്നും നിർബന്ധം പിടിച്ചു. ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അപ്പോസ്തലന്മാരും ശ്രേഷ്ഠന്മാരും ജറുസലേമിൽ ഒരുമിച്ചുകൂടി. അവിടെ വലിയ വാദപ്രതിവാദംതന്നെ നടന്നു. “നമ്മുടെ പിതാക്കന്മാർക്കോ നമുക്കോ താങ്ങാൻ വയ്യാതിരുന്ന ഒരു നുകം ഇപ്പോൾ ശിഷ്യരുടെ ചുമലിൽ വച്ചുകെട്ടി എന്തിനു നിങ്ങൾ ദൈവത്തെ പരീക്ഷിക്കുന്നു”വെന്നായിരുന്നു പത്രോസിന്റെ വാദം (അപ്പ. 15:10). തങ്ങൾവഴി വിജാതീയരുടെ ഇടയിൽ ദൈവം പ്രവർത്തിച്ച അദ്ഭുതങ്ങളെക്കുറിച്ച് പൗലോസും ബാർണബാസും ജറുസലേം സൂനഹദോസിൽ വിവരിച്ചു. “സമൂഹം നിശബ്ദമായി” അപ്പോസ്തലന്മാരെ ശ്രവിച്ചു എന്നാണ് വിശുദ്ധ ഗ്രന്ഥസാക്ഷ്യം. “താഴെപ്പറയുന്ന അത്യാവശ്യകാര്യങ്ങളെക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുടെമേൽ ചുമത്താതിരിക്കുന്നതാണു നല്ലതെന്നു പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി. വിഗ്രഹങ്ങൾക്കർപ്പിച്ചവസ്തുക്കൾ, രക്തം, കഴുത്തുഞെരിച്ചുകൊല്ലപ്പെട്ടവ, വ്യഭിചാരം എന്നിവയിൽനിന്നു നിങ്ങൾ അകന്നിരിക്കണം. (അപ്പ.15:28)– കൗൺസിലിന്റെ തീരുമാനം ഇതായിരുന്നു. ഇക്കഴിഞ്ഞ നാളുകളൊന്നിൽ മേൽസൂചിപ്പിച്ച വിശുദ്ധ ഗ്രന്ഥഭാഗത്തെക്കുറിച്ച് ഫ്രാൻസിസ് പാപ്പാ സാന്താമാർത്തയിലെ കുർബ്ബാനയ്ക്കിടയിൽ ഒരു വിചിന്തനം നടത്തുകയുണ്ടായി. കൂട്ടത്തിൽ അദ്ദേഹം പറഞ്ഞു: “There is always resistance in the church to the surprises of the spirit” - ആത്മാവിന്റെ വിസ്മയങ്ങൾക്കെതിരേ പ്രതിഷേധിച്ചു നിൽപ് എന്നും സഭയിൽ ഉണ്ട്. ഭൂമിയുടെ മുഖം നവീകരിക്കുന്ന അരൂപി സഭയിൽ ഇന്നും പ്രവർത്തിക്കുന്നുണ്ടെന്നുംപാപ്പാ ഓർമിപ്പിച്ചു.

വാദപ്രതിവാദങ്ങൾ ശക്തമായിരുന്നെങ്കിലും മുറുമുറുപ്പുകളില്ലാതെ ഏകകണ്ഠമായ തീരുമാനങ്ങളിലെത്താൻ സഭാപിതാക്കന്മാർക്കു സാധിച്ചതിനു കാരണം ആത്മാവിന്റെ നിമന്ത്രണങ്ങൾക്കു അവർ കാതുകൊടുത്തിരുന്നുവെന്നതാണ്. “പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി” എന്നു പറയുന്നതിന്റെ അർത്ഥം വിശ്വാസവും യുക്തിയും ഇഴചേർന്ന തീരുമാനമാണ് തങ്ങളുടേതെന്ന അവരുടെ ഉറപ്പാണ്. ആത്മാവിന്റെ അതിശയിപ്പിക്കുന്ന സാന്നിദ്ധ്യമാണ് സഭയെ നിലതെറ്റാതെ നിർത്തുന്നത്. പെസഹാഴ്ചയിലെ കാലുകഴുകൽശുശ്രൂഷയിൽ മാർപാപ്പാ വരുത്തിയ വ്യതിയാനങ്ങൾ പലരെയും സ്തബ്ധരാക്കുകയുണ്ടായി. സഭയിൽ വാദപ്രതിവാദങ്ങൾ ഉണ്ടാകും. പക്ഷേ, പുതിയകാലത്തെ പ്രശ്നങ്ങൾക്കു പുതിയ പരിഹാരനിർദ്ദേശങ്ങൾ വേണ്ടി വരാം. അതിനു പശ്ചാത്തലമൊരുക്കുന്നു, വിവിധ അഭിപ്രായങ്ങൾ. ധർമ്മനീതികളിലെ വെട്ടും തിരുത്തും വെള്ളം ചേർക്കലുകളുമല്ല നമ്മൾ പ്രതീക്ഷിക്കേണ്ടത്. ധർമ്മനീതികളിലെ വള്ളിപുള്ളികൾ

പോലും മാറ്റിക്കളയാതെ അവയെ പൂർണ്ണമാക്കാനും ധന്യമാക്കാനും വന്ന യേശുവിന്റേതാണ് സഭ. ധർമ്മബോധവും നിയമങ്ങളും കാലക്രമേണയാണ് വികസിതരൂപം നേടുന്നത്. നേരത്തേ നിലവിലിരുന്നതിന്റെ ആഴപ്പരപ്പുകളെക്കുറിച്ചുള്ള ബോധജ്ഞാനം, ബോധവികാസം പടിപടിയായി വന്നുചേർന്നതാണ് എന്നാണുദ്ദേശിക്കുന്നത്. വിശുദ്ധഗ്രന്ഥത്തിൽ മരണാനന്തരജീവിതത്തെക്കുറിച്ചുള്ള വിശ്വാസം പടിപടിയായാണ് നിയതരൂപം പ്രാപിക്കുന്നത് എന്നു് കാണാം. ആയുർദൈർഘ്യത്തിനപ്പുറത്തേക്കുള്ള അതിജീവനത്തിലുള്ള വിശ്വാസം വികസിതരൂപം പ്രാപിക്കുന്നത് കാലക്രമേണയാണ്. ശാസ്ത്രത്തിൽനിന്ന് ഒരുദാഹരണമെടുക്കാം: പല്ലി വാൽമുറിച്ചാണ് ആക്രമണത്തിൽ നിന്ന് രക്ഷപ്പെടുന്നത്. പണ്ടു മുതലേ മനുഷ്യൻ കാണുന്ന കാര്യമാണത്. പല്ലിക്കു മുറിഞ്ഞു പോയ വാല് പിന്നീട് വളർന്നു കിട്ടുന്നുമുണ്ട്. ഈയടുത്ത നാളുകളിലാണ് വാല് വളരുന്നതിന്റെ 'രഹസ്യം' ശാസ്ത്രജ്ഞന്മാർക്ക് പിടികിട്ടിയത്. (അറ്റുപോയ അവയവങ്ങൾ മനുഷ്യരിൽ വളർത്തിയെടുക്കുന്നതിന് ഈ 'പുതിയ' അറിവ് ഭാവിയിൽ ഉപകാരപ്പെടാം). നിലവിലുണ്ടായിരുന്ന ഒരു കാര്യത്തെക്കുറിച്ച് മുമ്പ് അറിവില്ലായിരുന്നു; ഇപ്പോൾ അതറിയാം എന്നതാണ് ഇതിലെ വസ്തുത.

സിവിൽ–ക്രിമിനൽ നിയമങ്ങൾക്ക് പുതുവ്യാഖ്യാനങ്ങൾ നൽകപ്പെടുന്നത് ശ്രദ്ധിച്ചിട്ടില്ലേ? മോഷണം ശിക്ഷാർഹമായിരുന്നു, ആദിമുതലേ. മോശയുടെ പ്രമാണപട്ടികയിൽ അത് ഇടം പിടിച്ചിട്ടുണ്ട്. "പാവങ്ങൾ" എന്ന നോവലിൽ ഷാങ്‌വാൽഷാങ് ശിക്ഷിക്കപ്പെടുന്നത് തന്റെ സഹോദരിയുടെ കുട്ടികളുടെ വിശപ്പടക്കാൻ ഒരു ബേക്കറിയിൽ നിന്ന് റൊട്ടിമോഷ്ടിക്കുന്നതിന്റെ പേരിലാണ്. പത്തൊമ്പതു കൊല്ലത്തോളം അയാൾ അതിന് ജയിലിൽ കിടക്കേണ്ടിവന്നു. ഈ മേയ്മാസത്തിൽ ഇറ്റലിയിലെ പരമോന്നത കോടതിയിൽനിന്ന് ഒരു വിധി ഉണ്ടായി. രണ്ടു കീഴ്ക്കോടതികളിൽ നിന്നുള്ള വിധികളെ അസാധുവാക്കിക്കൊണ്ടുള്ള വിധിയായിരുന്നു അത്. ഓസ്ട്രിയാക്കോവ് എന്ന ഉക്രേനിയൻകാരൻ ജെനോവയിലെ ഒരു സൂപ്പർമാർക്കറ്റിൽനിന്ന് രണ്ടു കഷണം ചീസും ഒരു പാക്കറ്റ് സോസേജും മോഷ്ടിച്ചു. മോഷണവസ്തുവിന്റെ വില അഞ്ചു യൂറോയിൽ താഴെയായിരുന്നു. ആറുമാസം തടവും നൂറു യൂറോ പിഴയുമായിരുന്നു അയാൾക്കുകിട്ടിയ ശിക്ഷ. മേൽക്കോടതി വിധിച്ചു:"തല്ക്കാലത്തെ വിശപ്പടക്കാൻ ഇത്തിരി ഭക്ഷണമെടുക്കുന്നത് കുറ്റകൃത്യമല്ല". മോഷണം ഇന്നു മുതൽ കുറ്റമല്ല എന്ന അർത്ഥം ഈ വിധിയിലില്ല. സ്വകാര്യസ്വത്തവകാശത്തിനുംമീതെയാണ് അതിജീവനത്തിനുള്ള അവകാശം എന്ന തത്വമാണ് മേൽക്കോടതിവിധിവഴി പുന:സ്ഥാപിക്കപ്പെട്ടത്.

കുടുംബത്തെക്കുറിച്ചുള്ള സിനഡിൽനിന്ന് വിവാഹത്തെസംബന്ധിച്ചകാര്യങ്ങളിൽ മാറ്റത്തിന്റെ കുത്തൊഴുക്ക് പ്രതീക്ഷിക്കപ്പെട്ടിരുന്നു. അടിസ്ഥാനപ്രമാണങ്ങളുടെ ആവർത്തിച്ചുറപ്പിക്കലും കാലഘട്ടത്തിന്റെ വെല്ലുവിളികളെ ക്രിയാത്മകമായി നേരിടാൻ അജപാലനക്രമത്തിൽ ചില പുത്തൻ ആഭിമുഖ്യങ്ങളുമാണ് സിനഡിനുശേഷം പുറത്തുവന്ന Amoris Laetitiaഎന്ന പ്രമാണരേഖയിലുള്ളത്. സഭ അന്നും ഇന്നും എന്നും ഒന്നുതന്നെയാണെന്നും ഓരോ കാലത്തിലും ദേശത്തിലും സാംസ്കാരികാനുരൂപണം സാധ്യമാണെന്നുമാണ് സഭാപ്രബോധനം. ആമുഖമായി മാർപാപ്പാ പറഞ്ഞു: പ്രത്യക്ഷത്തിലുള്ള വിഷയങ്ങളുടെ (issues) സങ്കീർണ്ണത, വിശ്വാസപ്രമാണം, ധാർമ്മികത, ആധ്യാത്മികത, അജപാലനശുശ്രൂഷ തുടങ്ങിയവയിലെ പലകാര്യങ്ങളെക്കുറിച്ചും ഇനിയും തുറന്നുചർച്ചകൾ ആവശ്യകമാണെന്ന സ്ഥിതി സംജാതമായിട്ടുണ്ട്(A.L.No.2). വേണ്ടത്ര വിചിന്തനമോ അടിസ്ഥാനമോ ഇല്ലാത്ത പൊളിച്ചെഴുത്തും പൊതുനിയമങ്ങളുടെ

പ്രയോഗംവഴി എല്ലാ പ്രശ്നങ്ങളും പരിഹരിക്കാമെന്ന നിലപാടും മാർപാപ്പയ്ക്കു സ്വീകാര്യമല്ല. ഉൽപതിഷ്ണുത്വത്തിന്റെയും, യാഥാസ്ഥിതികത്വത്തിന്റേതുമായ അഭിപ്രായധ്രുവങ്ങൾക്കിടയിലിരുന്നു വേണമായിരുന്നു കുടുംബത്തിന്റെയും വിവാഹിതരുടെയും പ്രശ്നങ്ങളെക്കുറിച്ച് സഭാപിതാക്കന്മാർക്ക് ആശയസ്വരൂപീകരണം നടത്തേണ്ടിയിരുന്നത്. സർവ്വവിഷയങ്ങളെക്കുറിച്ചും എക്കാലത്തേയ്ക്കും ബാധകമായ തീരുമാനങ്ങളിൽ സഭ എന്നേ എത്തിക്കഴിഞ്ഞതാണെന്നും ഒരു പുനർവിചിന്തനത്തിന്റെയും ആവശ്യം ഉദിക്കുന്നില്ലെന്നുമുള്ള കാഴ്ച്ചപ്പാട് സഭയ്ക്കില്ലെന്ന് Amoris Laetitia വായിച്ചാൽ മനസ്സിലാവും.

ഈ മേയ്മാസത്തിൽ സന്ന്യാസിനീസഭകളുടെ മേജർ സുപ്പീരിയർമാരുടെ ഒരു യോഗം റോമിൽ നടക്കുകയുണ്ടായി. "ആദിമസഭയിൽ ഉണ്ടായിരുന്നതുപോലെ ശുശ്രൂഷാപദവിയിൽ (permanent deacon) സ്ത്രീകളെ ഉൾപ്പെടുത്തുന്നതിന് എന്തു തടസ്സമാണ് ഉള്ളത്?"എന്ന ചോദ്യം അവിടെ ഉന്നയിക്കപ്പെടുകയുണ്ടായി. ആദിമകാലത്ത് സഭയിൽ ശുശ്രൂഷികമാർ ഉണ്ടായിരുന്നു. റോമാക്കാർക്കുള്ള ലേഖനത്തിൽ വി. പൗലോസ് എഴുതുന്നു: "കെങ്ക്റെയിലെ സഭയിൽ ശുശ്രൂഷികയായ നമ്മുടെ സഹോദരി ഫോയ്ബെയെ നിങ്ങൾക്കു ഞാൻ ഭരമേൽപിക്കുന്നു. വിശുദ്ധർക്ക് ഉചിതമായവിധം കർത്താവിൽ നിങ്ങൾ അവളെ സ്വീകരിക്കണം; അവൾക്ക് ആവശ്യമുള്ള ഏതുകാര്യത്തിലും അവളെ സഹായിക്കണം; എന്തെന്നാൽ, അവൾ പലരെയും എന്നപോലെ എന്നെയും സഹായിച്ചിട്ടുണ്ട്. യേശുക്രിസ്തുവിൽ എൻെറ സഹപ്രവർത്തകരായ പ്രിസ്ക്കായ്ക്കും അക്വീലായ്ക്കും വന്ദനം പറയുവിൻ"(റോമാ 16:1–3). ശുശ്രൂഷികമാർ ഉണ്ടായിരുന്നു എന്നത് സമ്മതിച്ചുകൊണ്ട് മാർപാപ്പാ പറഞ്ഞത് ശുശ്രൂഷികമാർ ഈ പദവിയിൽ എത്തിയിരുന്നത് കൈവയ്പ്പുവഴിയാണോ അതോ നിയമനം വഴിയാണോ എന്ന കാര്യത്തിൽ തനിക്കു വ്യക്തതയില്ലായെന്നാണ്. ഇക്കാര്യത്തിൽ വ്യക്തതയുണ്ടാവാൻ കൂടുതൽ പഠനങ്ങൾ ഉണ്ടാവുന്നതിനോടു തനിക്കു യോജിപ്പാണെന്നും മാർപാപ്പ പറഞ്ഞതായി ഇതിനെക്കുറിച്ചുള്ള ഒരു റിപ്പോർട്ടിൽ വായിക്കുകയുണ്ടായി. വനിതാപൗരോഹിത്യത്തോട് അനുഭാവം പ്രകടിപ്പിക്കാതെ തന്നെയാണ് മാർപാപ്പ മുൻപറഞ്ഞ അഭിപ്രായം പറഞ്ഞതെന്നും ശ്രദ്ധിക്കണം. സഭ സദാ നവീകരണക്ഷമതയുള്ള ഒരു ജൈവപ്രതിഭാസമാകുന്നത് പുനർവിചിന്തനത്തിന്റെ വാതിലുകൾ തുറന്നുകിടക്കുമ്പോഴാണ്. ഇത്തരം നവീകരണത്തിന്റെ പേരിൽ നമ്മളാരും 'ഉതപ്പിനു' നിന്നു കൊടുക്കേണ്ടിവരുന്നുവെന്നു കരുതുകയും വേണ്ടാ. പുതിയൊരു നടപടിക്രമത്തിന്റെ വരവോടെ വിശ്വാസികളിൽ ആർക്കെങ്കിലുമൊക്കെ തോന്നാവുന്ന ആശങ്കകളെ ഈ ലോകത്തിലേയ്ക്കു പിറന്നു വീഴുന്ന നേരത്ത് ഒരു കുഞ്ഞിനുണ്ടാകുന്ന ഭയപ്പാടിനോട് സമാനമായ കാര്യമായി കാണാൻ ശീലിക്കാവുന്നതാണ്. എത്രപെട്ടെന്നാണ് ഇതേ കുഞ്ഞ് താൻ ഭയപ്പെട്ട ലോകവുമായി ചങ്ങാത്തത്തിലാവുന്നത്!

പ്രബോധനങ്ങളുടെ ഏകത്വവും(Unity)അനുവർത്തനവും സഭയിൽ ആവശ്യകമാണ്. അപ്പോഴും പ്രബോധനങ്ങളിലെ ചിലവശങ്ങളുടെ വ്യാഖ്യാനങ്ങളും അവ വഴിയൊരുക്കുന്ന നിഗമനങ്ങളും എപ്പോഴും ഒന്നുതന്നെയായിരിക്കണമെന്നില്ല. ഓരോ ദേശത്തിനും തനതായ സംസ്കാരത്തോടും പാരമ്പര്യങ്ങളോടും ചേർന്നുപോകുന്ന പരിഹാരനിർദ്ദേശങ്ങൾക്കു സാധ്യതകൾ നിലനിൽക്കുന്നുണ്ട്. പൊതുതത്വങ്ങൾ ആദരിക്കപ്പെടണം എന്നതുപോലെ സംസ്കാരങ്ങളുടെ വൈവിധ്യവും ആദരിക്കപ്പെടേണ്ടതാണല്ലോ. സാംസ്കാരികാനുരൂപണത്തിലുടെയേ ഓരോ പ്രദേശത്തും സഭയ്ക്ക് അവതാരരഹസ്യം പൂർത്തിയാക്കാൻ പറ്റൂ.

വിവാഹമോചനം, ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള വിവാഹം എന്നതിൽ നിന്ന് വ്യത്യസ്തമായ ബന്ധങ്ങൾ തുടങ്ങിയവ നമ്മുടെ നാട്ടിലും വർദ്ധിച്ചുവരാവുന്ന പ്രവണതയാണു കാണുന്നത്. പണ്ടേ പഠിച്ചുവച്ച ധാരണകളുടെ ബലത്തിൽ ഇവയോട് ശക്തിയായ അജപാലനധർമ്മം പാലിക്കാൻ പറ്റുമെന്നു തോന്നുന്നില്ല. അവിഭാജ്യവും പ്രത്യുല്പാദനം ലക്ഷ്യമാക്കുന്നതുമായ ക്രിസ്തീയവിവാഹത്തിന്റെ ഉദാത്തതയോട് പൂർണ്ണമായി യോജിക്കാത്ത ബന്ധങ്ങളിൽ കഴിയുന്നവരുടെ എണ്ണം വർദ്ധിച്ചാണുവരുന്നത്. അത്തരക്കാരെ വിധിച്ചുതള്ളി സഭയ്ക്കുപുറത്താക്കുന്ന സമീപനം എത്രയ്ക്കു ക്രിസ്തീയമാവും? സുവിശേഷയുക്തിക്കു ചേരുന്ന പ്രവൃത്തിയുമല്ല അത്. ജനങ്ങളിൽനിന്നു ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടവരാണു നമ്മൾ."അവൻ തന്നെ ബലഹീനനായതുകൊണ്ട് അജ്ഞരോടും, വഴിതെറ്റിയവരോടും വേണ്ടത്ര സഹതാപത്തോടെ പെരുമാറാൻ അവനുകഴിയും"(ഹെബ്രാ.5:1–2)എന്നു നമ്മളെക്കുറിച്ച് പറയപ്പെടേണ്ടതുണ്ട്. മറ്റുള്ളവരുടെ ബലഹീനത മനസ്സിലാക്കി, അവരിൽ പ്രത്യാശയും വിശ്വാസവും ഉണർത്തിയെടുക്കാനാണ് ശ്രമം വേണ്ടത്. വിവാഹത്തിന്റെ ഉദാത്തഭാവത്തിലേയ്ക്ക് ഇത്തരക്കാരെ അടുപ്പിച്ചു കൊണ്ട് വരുന്ന കാരുണ്യപരമായ സമീപനങ്ങൾക്കും ധാരാളം സാധ്യതകൾ നമ്മുടെ മുന്നിലുണ്ട്.പലരീതികളിൽ ഇവരെ സഭയോടും വിശ്വാസീസമൂഹത്തോടും അടുപ്പിച്ചുനിർത്താൻ നമുക്കുകഴിയും.അതേസമയം, വിശ്വാസികൾക്ക് ഉതപ്പുതോന്നത്തവിധത്തിൽ, ക്രൈസ്തവവിവാഹത്തിന്റെ ഉദാത്തതയുടെമേൽ നിഴൽവീഴാത്തവിധം അതു ചെയ്യാനും ശ്രദ്ധിക്കണം. ഓരോ മനുഷ്യന്റെയും പ്രശ്നങ്ങളെ പ്രത്യേക അവസ്ഥയായി എടുത്ത് ഗൗരവപൂർവ്വകമായ വിശകലനം നടത്തി അയാൾക്കുമാത്രമായ പ്രതിവിധികളാണു വേണ്ടിവരുന്നത്. വെറുതേ അങ്ങ് ഇളവ് അനുവദിക്കാൻ അജപാലകന് അധികാരം നൽകപ്പെട്ടിട്ടില്ല(cfr.A.L.300). പ്രത്യേകസഹചര്യങ്ങിൽ അനുവദിക്കപ്പെടുന്നകാര്യങ്ങൾ പൊതുനിയമങ്ങളാണെന്ന ധാരണ ഉണ്ടാകാതിരിക്കാനും അതീവശ്രദ്ധവേണ്ടിവരുന്നു. കർത്താവ് തൊണ്ണൂറ്റൊമ്പത് ആടുകളുടെയല്ല, നൂറാടുകളുടെ ഇടയനാണ്( Ibid. No.309) എന്ന വിചാരമാണ് നമ്മളെ നയിക്കേണ്ടത്. എല്ലാവരിലേയ്ക്കും ദൈവകൃപയും കാരുണ്യവും ഒഴുകി എത്തുന്നതിനു വഴിതെളിക്കുക എന്നതാണല്ലോ നമ്മുടെ ദൗത്യം. ശരിയും തെറ്റും ഉടൻ നിശ്ചയിച്ചു വിധിപറയുന്ന ഒരു റഫറിയുടെ സ്ഥാനമല്ല അജപാലകന്റേത്. ഓരോരുത്തരെയും ഓരോരോസ്ഥാനങ്ങളിൽ വിന്യസിച്ച്, ഒത്തൊരുമിച്ച് കളിക്കുന്നതെങ്ങനെയെന്നു പഠിപ്പിച്ച് ഒരുക്കി കളിക്കളത്തിലേയ്ക്കു വിടുന്ന കോച്ചിന്റെ സ്ഥാനമാണ്, റഫറിയുടെ സ്ഥാനമെന്നതിനേക്കാൾ, ഒരിടയനുചേരുക.നിരന്തരമായ ധ്യാനവും പഠനവും ആവശ്യപ്പെടുന്ന ഒന്നായി നമ്മുടെ അജപാലനശ്രൂശ്രൂഷ മാറിയിരിക്കുന്നുവെന്ന ബോധം നമ്മളെ ഉത്തേജിപ്പിച്ചുനിർത്തട്ടെ..

+ജോസഫ് കരിയിൽ

കൊച്ചി മെത്രാൻ